(സി&ഡി) എക്സികൃട്ടീവ് ടെയിനി എന്ന തസ്തിക കമ്പനിയിലില്ല. എന്നാൽ കമ്പനിയിലെ അസിസ്റ്റന്റ് പ്ലാന്റ് മാനേജർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേക്കായി മാനേജ്മെന്റ് ടെയിനി (കെമിക്കൽ) തസ്തികയിലെ മൂന്ന് ഒഴിവുകൾ 29-10-2014-ൽ കമ്പനി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) മാനേജ്മെന്റ് ടെയിനികൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

ഇൻകൃബേറ്റർ സെന്ററുകൾ

249 (2487) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ വികസന കോർപ്പറേഷൻ ഇൻകൃബേറ്റർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു ; മൊത്തം എത്ര സെന്ററുകൾ ആണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്; അവ എവിടെയെല്ലാം ;

(ബി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം വ്യവസായങ്ങൾക്കാണ് ഈ സെന്ററുകൾ പ്രാമുഖ്യം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ പുതുസംരംഭകർക്കായി വിവിധ സ്ഥലങ്ങളിൽ ബിസിനസ് ഇൻകൃബേഷൻ സെന്ററുകൾ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യത്തെ ഇൻകൃബേഷൻ സെന്റർ കൊച്ചി കിൻഫ്ര പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ, അങ്കമാലിയിൽ INKEL Tower, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻകൃബേറ്റർ എന്നീ പുതിയ ഇൻകൃബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി. നടപടി എടുത്തിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലവും അനുബന്ധ സഹായവും ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാക്കനാട് കിൻഫ്ര പാർക്കിൽ തുടങ്ങിയിരിക്കുന്ന ഇൻക്യൂബേഷൻ സെന്ററിൽ ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സിനും പ്രാമുഖ്യം നൽകും അങ്കമാലിയിലെ ഇൻകെൽ ടവറിലും കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിലും തുടങ്ങാനിരിക്കുന്ന ഇൻക്യൂബേഷൻ സെന്ററുകളിൽ നാളികേര അനുബന്ധ വ്യവസായങ്ങൾക്കും മറ്റ് ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ തുടങ്ങാനിരിക്കുന്ന ഇൻക്യൂബേറ്ററിൽ ലൈഫ് സയൻസ് അനുബന്ധ വ്യവസായങ്ങൾക്കുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

250 (2488) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ ഏജൻസികളുമായും, സംസ്ഥാന സർക്കാർ വകുപ്പുകളുമായും ബന്ധപ്പെട്ട കേന്ദ്ര - സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ നേടുന്നതിനും വാണിജ്യ വ്യവസായ രംഗം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണ മുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും വിപണന രംഗം ശക്തിപ്പെടുത്തിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly